പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T 610 | 31.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് വില്പനക്കായി കൊണ്ടുവരുന്ന മത്സ്യങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായും വൃത്തിഹീനമായ സാഹചര്യങ്ങളിൽ സംസ്കരിക്കുന്നതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലെയും വിപണികളിൽ ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള CIFT (Central Institute of Fisheries Technology) എന്ന ഗവേഷണ സ്ഥാപനത്തിലും പരിശോധിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നുണ്ട്.<br>സംസ്ഥാനത്തേയ്ക്ക് ഗോവ, തൂത്തുക്കുടി, മംഗലാപുരം എന്നിവിടങ്ങളിൽ നിന്നാണ് വൻതോതിൽ മത്സ്യം എത്തുന്നത്. ഇത്തരം മത്സ്യത്തിന്റെ സാമ്പിൾ മത്സ്യ മൊത്ത കച്ചവട കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് പ്രകാരം വിപണിയിൽ ലഭ്യമായ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ എന്തെങ്കിലും രാസവസ്തുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല.<br>എന്നാൽ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന ഐസിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയതിനെ തുടർന്ന് നാല് ഐസ് ഫാക്ടറികൾ പൂട്ടുകയും അവയുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്.. കൂടാതെ സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ള അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതുൾപ്പെടെയുള്ള മത്സ്യം ഭക്ഷ്യയോഗ്യമാ |

| | | | |
|---|---|---|---|
| | | | ണെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി തമിഴ്നാട്, കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മിഷണർമാർക്ക് ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനും പ്രസ്തുത സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന മത്സ്യത്തിൽ ഫോർമാലിൻ അടക്കമുള്ള രാസവസ്തുക്കൾ ഇല്ല എന്ന് ഉറപ്പ് വരുത്തുന്നതിനു മുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. |
| ബി) | ഈ സാഹചര്യത്തിൽ, ഇവ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം മാത്രം സംസ്ഥാനത്തേക്ക് കടത്തിവിടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | ബി) | ചെക്ക്പോസ്റ്റുകളിൽ കൂടി കടന്ന് വരുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ലാബുകളിൽ അയച്ച് പരിശോധിക്കുന്നതാണ്. എന്നാൽ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ ഉപയോഗിച്ച് മത്സ്യം ചെക്ക്പോസ്റ്റിൽ വച്ച് പരിശോധിക്കുന്നതിനുള്ള സാധ്യതകൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫീഷറീസ് ടെക്നോളജിയുടെ സാഹയത്തോടുകൂടി പരിശോധിക്കുന്നതാണ്. |
| സി) | ഇപ്രകാരം ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യങ്ങൾ വില്ക്കുന്നവർക്കും വിതരണക്കാർക്കുമെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുമോ; വിശദാംശം നൽകുമോ? | സി) | സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായിട്ടുള്ള മത്സ്യം ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. പൊതുജനങ്ങളുടെ പരാതികൾ അടിയന്തിരമായി പരിശോധിക്കുവാനും പരിശോധനകളിൽ രാസവസ്തുക്കളോ, ഫോർമാലിനോ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയാൽ പ്രോസിക്യൂഷൻ അടക്കമുള്ള നടപടി സ്വീകരിക്കുവാനും ഇത്തരം നിയമ ലംഘനങ്ങൾ തുടർന്നാൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന മത്സ്യം ചെക്ക് പോസ്റ്റുകളിൽ വച്ചുതന്നെ തടയുന്നതിനുമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ